LIBRARY ARCHIVES Kerala Legislative Assembly

പാരാമിലിട്ടറി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

84(1339) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനം ഉൾപ്പെടെ സൈനിക വിഭാഗങ്ങൾക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങൾക്കും ഇപ്പോൾ പാരാമിലിട്ടറി ജീവനക്കാർക്ക് അർഹതയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ പാരാമിലിട്ടറി ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആൾ ഇന്ത്യാ സെൻട്രൽ പാരാമിലിട്ടറി ഫോഴ്സ് എക്സ് സർവ്വീസ് മെൻ വെൽഫെയർ അസോസിയേഷൻ സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ വീട്ടുകരം അടയ്ക്കുന്നതിൽ നിന്നും പാരാമിലിട്ടറി വിഭാഗക്കാരെയും അവരുടെ വിധവകളെയും ഒഴിവാക്കുക, VAT ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ മുൻപ് പരിശോധിച്ചിട്ടുള്ളതും ആയത് ഒഴിവാക്കി നൽകാൻ കഴിയില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പും, നികുതി വകുപ്പും യഥാക്രമം അറിയിച്ചിട്ടുള്ളതുമാണ്. VAT സംബന്ധമായ കാര്യം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ബി.എസ്.എഫ്. ഡയറക്ടർ ജനറൽ നല്കിയ കത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. നിലവിലുള്ള ആശ്രിതനിയമനം സംബന്ധിച്ച ഉത്തരവ് പുനഃപരിശോധിച്ച് കൊല്ലപ്പെട്ടതും മരിച്ചതുമായ അർദ്ധസൈനികരുടെ ആശ്രിതർക്കും നിയമനം ലഭിക്കത്തക്കവിധം ഭേദഗതി ചെയ്യണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് സൈനികക്ഷേമ വകുപ്പും അറിയിച്ചിട്ടുണ്ട്. വിമുക്തഭടൻമാരുടെ മക്കൾക്ക് നൽകി വരുന്ന പ്രൊഫഷണൽ കോഴ്സുകളിലുള്ള സീറ്റ് സംവരണം ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പാരാമിലിട്ടറിക്കും നല്കണമെന്ന ആവശ്യം ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

റെഡ്ക്രോസ് കേരള സ്റ്റേറ്റ് പാനൽ ഇലക്ഷൻ

85(1340) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെഡ്ക്രോസ് കേരള സ്റ്റേറ്റ് പാനൽ ഇലക്ഷൻ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ :

(ബി) തെരഞ്ഞെടുപ്പു നടപടികൾക്കായി റിട്ടേണിംഗ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ റിട്ടേണിംഗ് ഓഫീസർ ആരാണെന്നും ഏതു സർവ്വീസിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥനാണെന്നും വ്യക്തമാക്കുമോ :

(സി) സൊസൈറ്റിയുടെ അംഗത്വവിതരണക്രമക്കേടിനെ തുടർന്ന് ഹൈക്കോടതി ഇടപെട്ട് നിർദ്ദേശമെന്തെങ്കിലും പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ വിശദവിവരം നൽകുമോ :

(ഡി) സൊസൈറ്റിക്ക് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചത് എന്നാണ് ; നിലവിലെ അഡ്മിനിസ്ട്രേറ്റർ ആരാണ്;

(ഇ) അഡ്മിനിസ്ട്രേറ്റർമാർക്കെതിരെ അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ; ദേശീയ റെഡ്ക്രോസ് സൊസൈറ്റി കേരള ഘടകത്തിനുള്ള ഫണ്ട് അക്കാരണത്താൽ തടഞ്ഞിട്ടുണ്ടോ;

(എഫ്) സൊസൈറ്റിയുടെ ഇലക്ഷൻ നിഷ്പക്ഷമായ രീതിയിൽ നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി കേരള സ്റ്റേറ്റ് ബ്രാഞ്ചിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിലേക്കായി ജില്ലാ സെക്രട്ടറിമാരിൽ നിന്നും മെമ്പർഷിപ്പ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. തെരഞ്ഞെടുപ്പ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സഹകരണ വകുപ്പിൽനിന്നും സീനിയർ ആഡിറ്റർ തസ്തികയിൽ നിന്നും വിരമിച്ച ഒരു ജീവനക്കാരനെ മൂന്നുമാസത്തേക്ക് പ്രതിമാസം കൺസോളിഡേറ്റഡ് പേ ആയി 8000 രൂപ നൽകി ഇന്ത്യൻ റെഡ്ക്രോസ് സോസൈറ്റി കേരള സ്റ്റേറ്റ് ബ്രാഞ്ചിൽ നിയമിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) റിട്ടേണിംഗ് ഓഫീസറെ നിയമിച്ചിട്ടില്ല.

(സി) അംഗത്വവിതരണം സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ 16-11-2010-ലെ വിധിന്യായത്തിൽ പുതിയ അംഗങ്ങളെ ചേർക്കരുതെന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ഡി) 2004 ഡിസംബർ 31 മുതൽ കേരള സ്റ്റേറ്റ് ബ്രാഞ്ച് അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. എം. ഷെരീഫ് ആണ് ഇപ്പോൾ അഡ്മിനിസ്ട്രേറ്ററുടെ ചുമതല വഹിക്കുന്നത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) സ്വീകരിച്ചുവരുന്നു.

കൊച്ചി മെട്രോ റെയിൽ നിർമ്മാണത്തിന്റെ കാലതാമസം

88(1342) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊച്ചി മെട്രോ റെയിൽപാതയുടെ നിർമ്മാണത്തിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഏറ്റവും അനുയോജ്യമായതും അനിവാര്യമായതും എന്ന നിലയ്ക്കാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ തത്വാധിഷ്ഠിത അംഗീകാരം ലഭിക്കാത്തതുകൊണ്ട് മാത്രമാണ് കൊച്ചി മെട്രോ പാതയുടെ നിർമ്മാണം വൈകുന്നത്. എന്നിരുന്നാൽ തന്നെയും 158.68 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രാരംഭ ജോലികളുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോകുകയാണ്. പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളും നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly